കേരള ഭൂവികസന കോർപ്പറേഷന്റെ പദ്ധതി

*390 [410] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭൂവികസന കോർപ്പറേഷന്റെ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്;

(ബി) ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കും കൃഷിക്കാർക്കും കൂടുതൽ പ്രയോജനം ലഭിച്ചതായി ഡിപ്പാർട്ടുമെന്റിൽനിന്നും വല്ല റിപ്പോർട്ടും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ.

(ബി) ഉണ്ട്.

(സി) 25 കോടി രൂപ മുതൽമുടക്കുള്ള കുട്ടനാട് വികസന പദ്ധതിയുടെ ഒന്നാം ഘട്ടം 1977 ഡിസംബർ അവസാനത്തിൽ പൂർത്തിയായിട്ടുണ്ട്. കുട്ടനാടൻ പ്രദേശത്തെ ആകെയുള്ള ഒന്നേകാൽ ലക്ഷം ഏക്കർ വിസ്തൃതിയുള്ള നെൽപ്പാടങ്ങളിൽ ഇരുപതിനായിരം ഏക്കർ സ്ഥലത്തിന് ഇതുനിമിത്തം പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഗ്രാമ വികസനത്തിന് എൽ. ഐ. സി. ലോൺ

*391 [411] ശ്രീ. കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസനത്തിനു എൽ. ഐ. സി. ലോൺ അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ശുദ്ധജല വിതരണത്തിന് ഒരു വാട്ടർ ബോർഡ് ഉണ്ടാക്കുമെന്ന് നിർദ്ദേശമുണ്ടോ;

(ഡി) ബോർഡ് രൂപീകരണം നീട്ടാൻ കാരണമെന്ത്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി എൽ. ഐ. സി. 1977-78 മുതൽ വായ്പ അനുവദിക്കുന്നില്ല.

(ബി) ഒരു വാട്ടർ ആൻറ് സ്യൂവേജ് ബോർഡ് രൂപീകരിക്കുകയാണെങ്കിൽ മാത്രമേ എൽ. ഐ. സി. ഗ്രാമ ശുദ്ധജല വിതരണ പദ്ധതികൾക്ക് വായ്പ അനുവദിക്കുകയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly